**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 542** **13-01-2021 - ൽ മറുപടിയ്ക്ക്**

**പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | **Shri E. P. Jayarajan**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | കൊച്ചി റിഫൈനറിയോട് അനുബന്ധിച്ച് സംസ്ഥാന സർക്കാർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | ഫാക്ടിൽ നിന്നും കിൻഫ്രയ്ക്ക് കൈമാറിയ 481 ഏക്കർ ഭൂമിയിൽ ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഭൂമി കിൻഫ്രക്ക് കൈമാറി കഴിഞ്ഞു. പ്രസ്തുത പദ്ധതിയുടെ രൂപരേഖ വോയന്റ്സ് കൺസർട്ടൻസ് പ്രൈവറ്റ് തയ്യാറാക്കി കഴിഞ്ഞു. 170 ഏക്കർ ഭൂമി ബി.പി.സി എല്ലിന് അലോട്ട് ചെയ്തു കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതിയുടെ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പ്രസ്തുത പദ്ധതി കിഫ്ബി വഴിയാണോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ ഇതിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിയ്ക്കായി കൊച്ചിയിലെ ഫാക്ടിൽ നിന്നും 481 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിനായി കിഫ്ബി മുഖാന്തിരം 977 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭ്യമായിട്ടുണ്ടോ; | (ഡി) | പദ്ധതിക്ക് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ടെൻഡർ ചെയ്യുന്ന നടപടിയാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ